**പതിനഞ്ചാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2221** **21-06-2024-ൽ മറുപടിയ്ക്ക്**

**പരിയാരം ഗവൺമെന്റ് നഴ്സിംഗ് കോളേജിലെ തസ്തികകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജീവ് ജോസഫ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** 2019ൽ ആസ്തി ബാധ്യതകളോടെ ഏറ്റെടുത്ത പരിയാരം ഗവൺമെന്റ് നഴ്സിംഗ് കോളേജിന്റെ ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചോ; നഴ്സിംഗ് കോളേജിൽ തസ്തിക സൃഷ്ടിക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** 02.03.2019-ലെ പതിമൂന്നാം നമ്പർ ആക്ട് പ്രകാരം പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും സകല ആസ്തി ബാധ്യതയോടെയും സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിന് കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. പരിയാരം മെഡിക്കൽ കോളേജിന്റെ അനുബന്ധ സ്ഥാപനമായ പരിയാരം **നഴ്സിംഗ് കോളേജും ഇപ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കൊണ്ടു വന്നിട്ടുണ്ട്. പ്രസ്തുത നഴ്സിംഗ് കോളേജിലെയും, നഴ്സിംഗ് സ്കൂളിലെയും അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരെ സർക്കാർ സർവീസിലേയ്ക്ക് ആഗിരണം ചെയ്യുന്നതിനായി 19.02.2021-ലെ 52/2021/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 772 തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. അതിൽ 27 തസ്തികകൾ നഴ്സിംഗ് സ്കൂളിലെയും, നഴ്സിംഗ് കോളേജിലെയും അധ്യാപകരെയും ഏറ്റെടുക്കുന്നതിനായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികകളുടെ വർഗ്ഗീകരണം സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു.**

**(ബി)** പ്രസ്തുത നഴ്സിംഗ് കോളേജിലെ നിലവിലെ അധ്യാപക തസ്തികകൾ എത്രയെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ; ഈ കോളേജിന് പ്രിൻസിപ്പൽ തസ്തിക അനുവദിച്ചിട്ടുണ്ടോ;

**മറുപടി:** മുൻ പരിയാരം **നഴ്സിംഗ് സ്കൂളിൽ നിലവിലുള്ള തസ്തികകൾ താഴെപ്പറയും പ്രകാരമാണ്.**

**പ്രൊഫസർ-3**

**അസോസിയേറ്റ് പ്രൊഫസർ-1**

**അസിസ്റ്റന്റ് പ്രൊഫസർ-11**

**അസിസ്റ്റന്റ് ലക്ചറർ-3**

**ക്ലിനിക്കൽ ഇൻസ്ട്രക്ടർ-2**

**ലക്ചറർ-7**

**പ്രിൻസിപ്പൽ തസ്തിക അനുവദിച്ചിട്ടില്ല.**

**(സി)** പ്രസ്തുത നഴ്സിംഗ് കോളേജിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ; ഇവിടെ നിലവിലുള്ള ജീവനക്കാർക്ക് 2019ൽ അനുവദിച്ച ശമ്പള പരിഷ്കരണമാണോ നടപ്പിലാക്കിയിരിക്കുന്നത്; ഇല്ലെങ്കിൽ മുൻകാല പ്രാബല്യത്തോടെ ശമ്പളം നൽകാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത നടപടി എന്നത്തേക്ക് പൂർത്തീകരിക്കുമെന്നാണ് ഉദ്ദേശിക്കുന്നത്?

**മറുപടി:** സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടില്ല. 02/03/2019-ൽ സ്ഥാപനം സർക്കാർ ഏറ്റെടുത്ത സമയത്ത് ലഭിച്ചിരുന്ന ശമ്പളവും ആനുകൂല്യങ്ങളുമാണ് നിലവിൽ നൽകി വരുന്നത്. പ്രസ്തുത **നഴ്സിംഗ് കോളേജിൽ നിലവിലുള്ള ചില തസ്തികകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിലില്ലാത്തവയാണ്. പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുക്കുന്ന സ്ഥിര നഴ്സിംഗ് വിഭാഗം ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് അക്കോമൊഡേറ്റ്/ആഗിരണം ചെയ്യുന്നതിന്റെ ഭാഗമായി തസ്തികകളുടെ വർഗ്ഗീകരണം സംബന്ധിച്ച നടപടികൾ നടന്നുവരുന്നു. സർക്കാർ സർവീസിലേയ്ക്ക് ആഗിരണം ചെയ്ത് ഉത്തരവ് നൽകുകയും അതിനുശേഷം നിയമന ഉത്തരവ് നൽകി പെൻ സൃഷ്ടിച്ച് സ്പാർക്ക് മുഖേന ശമ്പളം മാറി നൽകുന്ന മുറയ്ക്ക് പുതിയ പേ റിവിഷൻ പ്രകാരമുള്ള ശമ്പളവും ആനുകൂല്യങ്ങളും ടി ജീവനക്കാർക്ക് അനുവദിക്കുന്നതാണ്.**

**സെക്ഷൻ ഓഫീസർ**